*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

132th Issue - Volume 4, No. 13 ജാഗ്രത 27th April 2010

*******

**"എന്നെ ശക്തനാക്കുന്നവ നിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും"**

(ഫിലിപ്പി. 4 : 13)

*******



BLESSED EUPHRASIA

## പ്രധാന വാർത്തകൾ

ദേവാലയങ്ങൾ ദൈവനന്മകൾ വിളംബരം ചെയ്യുന്ന പ്രകാശദീപങ്ങൾ: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

ജീവിത നവീകരണത്തിലേക്ക് തിരിയേണ്ട കാലഘട്ടമായി: മാർ പോൾ ചിറ്റിലപ്പിള്ളി

ഏറ്റവും വലിയ മൂല്യം കാരുണ്യം: ഡോ. എബ്രഹാം മാർ യൂലിയോസ്

വിദ്യാർഥികൾ മൂല്യബോധമുള്ളവരാകണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ

യുവജനങ്ങൾ പരിസ്ഥിതി സംരക്ഷകരാകണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

കൂട്ടായ്മ പ്രതിനിധികൾ ക്രിസ്തുവിന്റെ സാക്ഷികളാകണം: മാർ മാത്യൂ അറയ്ക്കൽ

നഴ്സിംഗ് ജോലി ഉന്നതമായ പ്രവൃത്തി: ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt


**Commission Secretary**
Fr. Johny Kochuparambil

## ദേവാലയങ്ങൾ ദൈവനന്മകൾ വിളംബരം ചെയ്യുന്ന പ്രകാശദീപങ്ങൾ: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്



സ്നേഹവും വിശ്വാസവുമുള്ള സമൂഹത്തെ വാർത്തെടുക്കുന്ന ദേവാലയങ്ങൾ ദൈവനന്മകൾ വിളംബരം ചെയ്യുന്ന പ്രകാശ ദീപങ്ങളാണെന്ന് കെസിബിസി പ്രസിഡന്റും മാവേലിക്കര രൂപതാ മെത്രാനുമായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത. വെട്ടിയാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക പുതുതായി നിർമിച്ച ദേവാലയത്തിന്റേയും പിയാത്തയുടേയും കൂദാശ കർമം നിർവഹിച്ചശേഷം നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രത്യയശാസ്ത്രങ്ങളുടേയും ജാതിമത വർഗവർണ വ്യത്യാസങ്ങളുടേയും പേരിൽ മനുഷ്യൻ മനുഷ്യനെ അകറ്റാൻ ഇന്നു ബോധപൂർവം ശ്രമിക്കുകയാണ്. ഇതുമൂലം ഒരാൾ മറ്റൊരുവനെ അംഗീകരിക്കാൻ തയാറാകുന്നില്ല. ദൈവചൈതന്യമുള്ള സഞ്ചരിക്കുന്ന ദേവാലയങ്ങളായി മനുഷ്യമനസുകൾ മാറണമെന്നും മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു. മാവേലിക്കര രൂപത വികാരി ജനറൽ മോൺ. ഡോ. ജോൺ പറിപ്പുരയ്ക്കൽ അധ്യക്ഷത വഹിച്ചു. കെ.കെ ഷാജു എംഎൽഎ, ഇമാം എ.ആർ താജുദ്ദീൻ മൗലവി, ഫാ. അലോഷ്യസ് കരിമരത്തിനാൽ, ഫാ. പി.എം ഏബ്രഹാം, ഫാ. മാത്യു പി. തോമസ്, ഫാ. ലാസറസ്, പഞ്ചായത്ത് പ്രസിഡന്റ് രത്നമ്മ രാമചന്ദ്രൻ, വൈസ് പ്രസിഡന്റ് പി.എം കാസിം റാവുത്തർ, പഞ്ചായത്തംഗം കെ.പി മാത്യു, ഇടവക ട്രസ്റ്റി കെ.എസ് കുര്യാക്കോസ്, കെ. വർഗീസ്, ഡേവിഡ് ജോസഫ്, ഷാജി ജോർജ് എന്നിവർ പ്രസംഗിച്ചു. ഇടവക പുറത്തിറക്കിയ സ്മരണികയുടെ പ്രകാശനം മാവേലിക്കര രൂപത വികാരി ജനറൽ മോൺ. ഡോ. ജോൺ പടിപ്പുരയ്ക്കൽ ഫാ. അഗസ്റ്റിനു നൽകി പ്രകാശനം ചെയ്തു. ജീവകാരുണ്യനിധിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് രത്നമ്മ രാമചന്ദ്രൻ നിർവഹിച്ചു.

## ജീവിത നവീകരണത്തിലേക്ക് തിരിയേണ്ട കാലഘട്ടമായി: മാർ പോൾ ചിറ്റിലപ്പിള്ളി



ജീവിത നവീകരണത്തിലേക്ക് തിരിയേണ്ട കാലഘട്ടമാണിതെന്നും അതിനായി പരിശ്രമം അനിവാര്യമാണെന്നും താമരശേരി രൂപതാധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളി അഭിപ്രായപ്പെട്ടു. കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോനാ സുവർണജൂബിലി വാരാഘോഷത്തിന്റെ ഭാഗമായി നടത്തിയ 'വൈദിക - സന്യസ്തസംഗമവും ജൂബിലേറിയൻസ് ദിനവും' എന്ന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു ബിഷപ്. ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതമാണ് നാം നയിക്കേണ്ടത്. ഈശോ അരുൾചെയ്ത കാര്യത്തിൽനിന്ന് വ്യതിചലിക്കുമ്പോൾ മാത്രമാണ് വേദന അനുഭവമാകുന്നത്. എന്നാൽ വേദനകളെ പുഷ്പങ്ങളാക്കി മാറ്റാൻ കഴിയണമെന്നും ബിഷപ് കൂട്ടിച്ചേർത്തു. ചടങ്ങിൽ ഓമന പാപ്പിനിശേരി, സിസ്റ്റർ കാർമൽ എന്നിവർ പങ്കെടുത്തു. ജോയി നമ്പുശേരിൽ സ്വാഗതവും അനു ചെറിയാൻ ഉറുമ്പുകുഴി നന്ദിയും പറഞ്ഞു. രാവിലെ വൈദിക - സന്യസ്തസംഗമം നടന്നു. ഫൊറോനാവികാരി ജോസ് പി.ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് തുരുത്തിപ്പള്ളി മോഡറേറ്ററായി.


## ഏറ്റവും വലിയ മൂല്യം കാരുണ്യം: ഡോ. ഏബ്രഹാം മാർ യൂലിയോസ്



മാനുഷിക ചരിത്രത്തിൽ ഏറ്റവും വലിയ മൂല്യം കാരുണ്യമാണെന്ന് മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ഡോ. ഏബ്രഹാം മാർ യൂലിയോസ് അഭിപ്രായപ്പെട്ടു. കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോനാ പള്ളി സുവർണജൂബിലി വാരാഘോഷത്തിന്റെ ഭാഗമായി നടത്തിയ 'മൂല്യാധിഷ്ഠിത സമൂഹരൂപീകരണത്തിൽ മതങ്ങൾക്കുള്ള പങ്ക്' എന്ന മതമൈത്രി സമ്മേളനത്തിന്റെ

ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബിഷപ്. ദൈവികപൂർണതയുടെ ഭാഗമാണ് കാരുണ്യം. ഭാരതമെന്ന രാജ്യം കരുണയുടെ രാജ്യമാണ്. മതഗ്രന്ഥങ്ങളെല്ലാം തന്നെ കരുണയുടെ മൂല്യമാണ് എടുത്തുപറയുന്നത്. എന്നാൽ ഇന്നത്തെ കാലത്ത് നഷ്ടീഭവിക്കുന്ന മൂല്യം കരുണയാണെന്നും ബിഷപ് പറഞ്ഞു. കരുണയുടെ ശുശ്രൂഷ പറയുന്നവർ ഇന്ന് മണ്ടന്മാരാകുന്ന സ്ഥിതിയാണ്. എല്ലാ മതത്തിനും പൊതുവായുള്ള കാര്യം കരുണയാണ്. എന്നാൽ ചില കുത്സിതശക്തികൾ ഇതിനെതിരായി വർത്തിക്കുന്നത് തടയപ്പെടേണ്ടതാണ്. എല്ലാവരെയും ഒന്നായി കാണുകയും സ്വീകരിക്കുകയും നല്കുകയും ധന്യരാക്കുകയും ചെയ്യുന്ന മതമാണ് ക്രൈസ്തവ മതമെന്ന് രൂപതാധ്യക്ഷൻ പറഞ്ഞു. ചടങ്ങിൽ റവ. ഡോ. ഏബ്രഹാം പാലത്തിങ്കൽ അധ്യക്ഷത വഹിച്ചു. വിഷയാവതരണം ആർട്ട് ഓഫ് ലിവിംഗ് പ്രതിനിധി എസ്.ജയചന്ദ്രൻ, ഡോ. ആന്റണി മാമ്പിള്ളി, ഹബീബ് ഫൈസി തുടങ്ങിയവർ നിർവഹിച്ചു. ഷാജി തുരുത്തിപ്പള്ളി സ്വാഗതവും ബേബി ചെറുകര നന്ദിയും പറഞ്ഞു. സണ്ണി കിഴക്കേക്കര മെമന്റോ വിതരണവും നടത്തി.

## വിദ്യാർഥികൾ മൂല്യബോധമുള്ളവരാകണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ



വിദ്യാർഥികൾ പഠനകാലത്ത് മൂല്യങ്ങളെ സ്വാംശീകരിക്കുന്നവരും അതു പകർത്തുന്നവരും അതിലൂടെ സമൂഹത്തിലെ ഛിദ്രശക്തികളെ പരാജയപ്പെടുത്തേണ്ടവരുമാണെന്നു കൊല്ലം ബിഷപ് ഡോ.സ്റ്റാൻലി റോമൻ. കെ.സി.എസ്.എൽ ആഭിമുഖ്യത്തിൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ആരംഭിച്ച പഞ്ചദിന സംസ്ഥാന ക്യാമ്പ് വിന്നേഴ്സ് - 2010 ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ഡോ.എഡ്വേർഡ് എടേഴത്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോൺ പുലിശേരി, സെമിനാരി റെക്ടർ ഫാ. അലക്സ് താരാമംഗലം, ഫാ..യേശുദാസ് പഴമ്പള്ളി, മാത്തുക്കുട്ടി കുത്തനാപ്പള്ളി, ഈശോ തോമസ്, ജസ്റ്റിൻ രാജ്, ബേബി ജോസ് ക്രൂസ്, നീനാ സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

## യുവജനങ്ങൾ പരിസ്ഥിതി സംരക്ഷകരാകണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ



യുവജനങ്ങൾ പരിസ്ഥിതിസംരക്ഷണത്തിൽ പങ്കുകാരാകണമെന്ന് ഇടുക്കി രൂപത മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പറഞ്ഞു. കെ.സി.വൈ.എം രൂപത മാർഗരേഖ കഞ്ഞിക്കുഴിയിൽ പ്രകാശനംചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഫാ. ഷിന്റോ വെട്ടിക്കൽ സമ്മേളനം ഉദ്ഘാടനംചെയ്തു. രൂപത പ്രസിഡന്റ് മാത്യൂസ് ഐക്കര യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് മാവേലിക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ജോയി പ്ലാത്തറ, ഷിജോ തടത്തിൽ, സിസ്റ്റർ സീജ മരിയ, സിസ്റ്റർ ജിൻസി റോസ്, ജിൻസി ജോസ്, ഫാ. ജോസഫ് കോയിക്കക്കുടി, പ്രിൻസോ തുടങ്ങിയവർ പ്രസംഗിച്ചു. മാർഗരേഖാ പ്രകാശനത്തോടനുബന്ധിച്ച് 'വിശ്വാസ യുവത്വം വികസിത രാഷ്ട്രം' എന്ന വിഷയത്തിൽ ചർച്ച നടന്നു. രക്തഗ്രൂപ്പ് നിർണയ ക്യാമ്പും നടത്തി.

## കൂട്ടായ്മ പ്രതിനിധികൾ ക്രിസ്തുവിന്റെ സാക്ഷികളാകണം: മാർ മാത്യൂ അറയ്ക്കൽ



കുടുംബ കൂട്ടായ്മ പ്രതിനിധികൾ ദൈവവചനത്തിന്റെയും ക്രിസ്തുവിന്റെയും സാക്ഷികളായി സമൂഹത്തിൽ പ്രവർത്തിക്കണമെന്ന് ബിഷപ് മാർ മാത്യു അറയ്ക്കൽ. എരുമേലി ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നുള്ള കുടുംബ കൂട്ടായ്മ പ്രതിനിധികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. ദൈവ വചനത്തിലൂടെ മാത്രമേ സമൂഹത്തിൽ സമാധാനവും ശാന്തിയും ഒരുമയും നിലനിർത്തുവാൻ കഴിയുകയുള്ളൂ. കൂട്ടായ്മ പ്രതിനിധികൾ മറ്റുള്ളവർക്ക് സഹകാരികളായിരിക്കണമെന്നും ബിഷപ് കൂട്ടിച്ചേർത്തു. സമ്മേളനത്തിൽ ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ചിറ്റപ്പനാട്ട് അധ്യക്ഷതവഹിച്ചു. രൂപത ആനിമേഷൻ ഡയറക്ടർ ഫാ. ജോസ് മാത്യു പറപ്പള്ളി, ദീപിക സർക്കുലേഷൻ ജനറൽ മാനേജർ ഫാ. ജോസ്

നെല്ലിക്കത്തെരുവിൽ, അത്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി സെബാസ്റ്റ്യൻ, ഫാ. ജെയിംസ് കൊല്ലംപറമ്പിൽ, ജോൺ കുന്നലെമുറി എന്നിവർ പ്രസംഗിച്ചു.

## നഴ്സിംഗ് ജോലി ഉന്നതമായ പ്രവൃത്തി: ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം



മനുഷ്യന് ഏറ്റവും ആവശ്യമായ ഘട്ടത്തിൽ പരിചരണവുമായി എത്തുന്ന സഹോദരങ്ങളാണ് നഴ്സുമാരെന്ന് തലശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം. ജോസ്ഗിരി ഹോസ്പിറ്റൽ ബി.കെ.ജെ.എം സ്കൂൾ ഓഫ് നഴ്സിംഗിന്റെ ലാമ്പ് ലൈറ്റിനിംഗ് സെറിമണി ചടങ്ങിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു ആർച്ച് ബിഷപ്. സ്നേഹത്തോടെ പരിചരിക്കുന്ന നഴ്സുമാരുടെ സാമീപ്യം രോഗികളിൽ വലിയ മാറ്റങ്ങളുണ്ടാക്കാറുണ്ട്. നഴ്സുമാർ ഇല്ലായിരുന്നുവെങ്കിൽ ആശുപത്രികളിലെ സ്ഥിതി എന്താകുമായിരുന്നുവെന്നു ചിന്തിക്കേണ്ടതാണ്. ഡോക്ടർമാരേക്കാൾ രോഗികളെ ശുശ്രൂഷിക്കുന്നത് നഴ്സുമാരാണ്. നഴ്സിംഗ് ജോലി ഉന്നതമായ പ്രവർത്തിയാണ്. നന്മ ചെയ്യുന്നതിന് നല്ലൊരു മാതൃകയാണ് നഴ്സുമാർ. വെറുമൊരു ജോലി എന്നതിലുപരി ദൈവപരിപാലനമാണ് അവർ ചെയ്യുന്നത്. ദൈവത്തിന്റെ ഛായയുള്ള മനുഷ്യരെയാണ് നഴ്സുമാർ പരിചരിക്കുന്നത്. അതുകൊണ്ടു തന്നെ ദൈവത്തിന്റെ അനുഗ്രഹം അവർക്കുണ്ടാകും. നഴ്സിംഗ് ശുശ്രൂഷയുടെ മഹാത്മ്യം ഉൾക്കൊണ്ട് പ്രവർത്തിക്കാൻ നഴ്സുമാർക്കു കഴിയണം. ദൈവസ്നേഹം മനസിൽ സൂക്ഷിച്ച് രോഗീപരിചരണം നടത്തുമ്പോൾ ഏതു പ്രതിസന്ധിയേയും അതിജീവിച്ച് മുന്നേറാനുള്ള ദൈവത്തിന്റെ അനുഗ്രഹം നഴ്സുമാർക്ക് ലഭിക്കും. ഏറ്റവും ആവശ്യമുള്ള സമയത്ത് സഹായിക്കുന്നവനാണ് യഥാർഥ സുഹൃത്ത്. ഏറ്റവും ആവശ്യമായ സമയത്താണ് നഴ്സുമാർ നമ്മെ പരിചരിക്കുന്നത്. അതുകൊണ്ടു തന്നെ അവർ നമ്മുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളുമാണ്. നഴ്സിംഗ് ജോലി വലിയ സമർപ്പണമാണ്. അതിലൂടെ ലഭിക്കുന്ന സന്തോഷം മറ്റൊന്നിലൂടെയും ലഭിക്കില്ല. വെള്ള വസ്ത്രം ധരിച്ച മാലാഖമാരാണ് നഴ്സുമാരെന്നും ആർച്ച്ബിഷപ് പറഞ്ഞു. തലശേരി ഡിവൈഎസ്പി പ്രിൻസ് ഏബ്രഹാം നഴ്സിംഗ് സെറിമണി ഉദ്ഘാടനം ചെയ്തു. ഡോക്ടറുടെയും രോഗിയുടെയും ഇടയിലെ മധ്യസ്ഥരാണ് നഴ്സുമാരെന്ന് ഡിവൈഎസ്പി പറഞ്ഞു. മനുഷ്യ ജീവൻ കാത്തുരക്ഷിക്കുന്ന ജോലിയാണ് നഴ്സുമാർ ചെയ്യുന്നത്. എപ്പോഴും വേദനകളുടെയും വേവലാതികളുടെയും ഇടയിലാണ് പോലീസുകാരും നഴ്സുമാരും പ്രവർത്തിക്കുന്നതെന്നും പ്രിൻസ് ഏബ്രഹാം ചൂണ്ടിക്കാട്ടി. ഫാ. ജോൺസൺ കോവൂർപുത്തൻപുര, മദർ റോസ്‌ലി ഒഴുകയിൽ, ഡോ. ശശിധരൻ, സിസ്റ്റർ എലിസബത്ത് റെജിൻ എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ റോസ്‌ലി പാലക്കൽ സ്വാഗതവും സിസ്റ്റർ സ്റ്റെല്ല നന്ദിയും പറഞ്ഞു.


**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA